**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6545** **20-03-2023 - ൽ മറുപടിയ്ക്ക്**

**പുനലൂർ ശ്രീരാമപുരം മാർക്കറ്റ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ വികസന കോർപ്പറേഷൻ കിഫ്ബി ഫണ്ട് വിനിയോഗിച്ച് പുനലൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന ശ്രീരാമപുരം മാർക്കറ്റ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ഫണ്ട് വിനിയോഗിച്ച് പുനലൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന ശ്രീരാമപുരം മാർക്കറ്റ് നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുന്നതിനായി 10/01/2023 ൽ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. നിലവിൽ പാക്കേജ് ഫയൽ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തിക്കായി ദർഘാസ് ക്ഷണിക്കുന്നതാണ്. നിർമ്മാണം ആരംഭിക്കുന്നതിനായി നിലവിൽ മറ്റ് തടസ്സങ്ങളൊന്നും തന്നെയില്ല. കിഫ്ബി നിഷ്കർഷിക്കുന്ന രേഖകൾ (പാക്കേജ്, PED) ലഭ്യമാക്കി, അംഗീകാരം ഉറപ്പാക്കിക്കൊണ്ട് നിർമ്മാണം ആരംഭിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത മാർക്കറ്റിൽ നിലവിലുണ്ടായിരുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | പ്രസ്തുത മാർക്കറ്റിന്റെ നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണ ചുമതല ഏറ്റെടുക്കുന്ന കരാറുകാരൻ മുഖേന മാർക്കറ്റിൽ നിലവിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ആയതിനുള്ള വാല്യുവേഷൻ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. |
| (സി) | നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ? | (സി) | കിഫ്ബിയിൽ നിന്നും ആവശ്യമായ അംഗീകാരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി ഏർപ്പാടാക്കുന്നതാണ്. പ്രവൃത്തി ആരംഭിച്ച് 18 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ